(ബി) ഇതേ കമ്പനിക്ക് സ്ഥലം വിട്ടുകൊടുത്ത ബീമാപ്പള്ളി, ഓമനപ്പുഴ പ്രദേശങ്ങളിൽ സർക്കാർ ചെലവിൽ കടൽഭിത്തി നിർമ്മാണ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ ആലപ്പാട് ജയന്തി കോളനി ഭാഗത്തും സർക്കാർ ചെലവിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ എത്ര സമയത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനി ഭാഗത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ആലപ്പാട് ജയന്തി കോളനി ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

കല്ലട പദ്ധതിയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സെസ്സ്

36 (4844) ശ്രീ. എൻ. ശക്തൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനോട് അനുബന്ധിച്ച വൈദ്യുതി ബോർഡിൽ നിന്നും സെസ്സ് ലഭിക്കുവാൻ ഇറിഗേഷൻ വകുപ്പിന് അർഹതയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രതിവർഷവും എന്തു തുക ഈയിനത്തിൽ കിട്ടുന്നുണ്ട് ;

(സി) എന്തു തുകയ്ക്കുള്ള ബില്ല് ഇതുവരെ കെ. എസ്. ഇ. ബി.ക്ക് അയച്ചിട്ടുണ്ട് ;

(ഡി) ഇതേവരെ കെ. എസ്. ഇ. ബി. എന്തു തുക നൽകിയിട്ടുണ്ട് ; എന്തു തുക കുടിശ്ശികയായിട്ടുണ്ട് ; വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) അർഹതയുണ്ട്.

(ബി) ഇതേവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) 15.39 കോടി രൂപ കെ. എസ്. ഇ. ബി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇതേവരെ തുകയൊന്നും കെ. എസ്. ഇ. ബി.യിൽ നിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly